കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് തടസ്സം

50 (3691) ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഈ തടസ്സം എന്നാണ് ആരംഭിച്ചത് ;

(സി) ഇതിന്റെ ഫലമായി യു. ജി. സി. യുടെ പരീക്ഷ പാസ്സായ എത്ര പേർ സംസ്ഥാനത്ത് തൊഴിലില്ലാതെ നിൽക്കുന്നുണ്ട് ;

(ഡി) ഇവർക്ക് തൊഴിൽ ലഭിക്കുവാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 24-4-1997 മുതൽ.

(സി) വിവരം ലഭ്യമല്ല.

(ഡി) ഉത്തരം 'സി'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കോളേജ് ലക്ചറർ നിയമനം ലഭിക്കുന്നതിനുള്ള മിനിമം യോഗ്യതകൾ

51 (3692) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കോളേജ് ലക്ചറർ നിയമനം ലഭിക്കുന്നത് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട മിനിമം യോഗ്യതകളിൽ യു. ജി. സി. എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഗവൺമെന്റിനോ/കേരള സർവ്വകലാശാലയ്ക്കോ ലഭിച്ചിട്ടുള്ള ഏറ്റവും പുതിയ യു. ജി. സി. നിർദ്ദേശങ്ങൾ വിശദമാക്കാമോ ;

(സി) ലക്ചറർ തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് യു. ജി. സി. സർവ്വകലാശാലകൾക്ക് ഇപ്പോൾ അധികാരം നൽകിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) യു. ജി. സി. നടത്തുന്ന ലക്ചർഷിപ്പിനുള്ള നാഷണൽ എലിജിബിലിറ്റി ടെസ്റ്റിന് സമാനമായി സി.എസ്.ഐ.ആർ., ഐ.സി.എ.ആർ. എന്നീ സ്ഥാപനങ്ങൾ നടത്തുന്ന നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് അംഗീകരിക്കപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതു സംബന്ധിച്ച് കേരള സർവ്വകലാശാലയ്ക്കു ലഭിച്ചിട്ടുള്ള യു. ജി. സി നിർദ്ദേശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) യു. ജി. സി. നിർദ്ദേശമനുസരിച്ചുള്ള ലക്ചറർ നിയമനത്തിനുള്ള കുറഞ്ഞ അടിസ്ഥാന യോഗ്യതകൾ താഴെ ചേർക്കുന്നു.

1. നല്ല അക്കാഡമിക് നിലവാരത്തോടെ 55 ശതമാനം മാർക്കിൽ കുറയാത്ത ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും, 19-9-1991-നു മുൻപ് ബിരുദാനന്തര ബിരുദം നേടിയവർക്കും, ഡോക്ടറേറ്റ് ബിരുദധാരികളായ ഉദ്യോഗാർത്ഥികൾക്കും 55 ശതമാനം മാർക്കിൽ നിന്നും 5 ശതമാനം മാർക്ക് ഇളവ് ചെയ്തിട്ടുണ്ട്.

2. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ്/സി. എസ്. ഐ. ആർ. അല്ലെങ്കിൽ യു.ജി.സി അംഗീകാരമുള്ള മറ്റു യോഗ്യതാ പരീക്ഷ പാസ്സായിരിക്കണം.

(സി) ഇല്ല. മാറ്റം വരുത്തുന്നതിനു മുൻപായി യു.ജി.സി. യുടെ അനുവാദം വാങ്ങിയിരിക്കണം.

(ഡി) ഉണ്ട്. എൻ.ഇ.റ്റി./സി.എസ്.ഐ.ആർ. അല്ലെങ്കിൽ യു.ജി.സി. അംഗീകാരമുള്ള സമാനമായ മറ്റു യോഗ്യത പരീക്ഷയോ പാസ്സായാൽ മതിയാകും.

(ഇ) ഇതു പിന്നീട് അറിയിക്കുന്നതാണ്.

ബി.എഡ്. കോളേജുകളിലേയ്ക്കുള്ള പ്രവേശനം

52 (3693) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ഇ. എം. അഗസ്തി
ശ്രീ. വി. ജെ. പൗലോസ്
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.എഡ്. കോളേജുകളിലേയ്ക്കുള്ള പ്രവേശനം നൽകുന്നത് എപ്രകാരമാണ് ;

(ബി) ഒരു പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ബി.എഡ്-ന് പ്രവേശനം നൽകുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഡിഗ്രിതലത്തിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ്. ബി. എഡ് കോളേജുകളിലേക്കുള്ള പ്രവേശനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly